**പതിമൂന്നാം കേരള നിയമസഭ**

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1796 — 22.03.2012 ൽ മറുപടി നൽകേണ്ടിയിരുന്നത്

## സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.പി. ജയരാജൻ<br>,, കോലിയക്കോട് എൻ.കൃഷ്ണൻ നായർ<br>,, കെ. കുഞ്ഞമ്മത് മാസ്റ്റർ<br>,, ബി. സത്യൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി |
| (എ) സംസ്ഥാനത്ത് നഗരങ്ങളിലും ഗ്രാമങ്ങളിലും മാഫിയ സംഘങ്ങൾ വളർന്നു വരുന്നു എന്നും ഈ സംഘങ്ങൾ അതിക്രമങ്ങൾ നടത്തിവരുന്നു എന്നും ഗുണ്ടകൾ സമാന്തര സംവിധാനമായി മാറിയിരിക്കുന്നു എന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില സ്ഥലങ്ങളിൽ സാമൂഹ്യവിരുദ്ധരായ ചിലർ അക്രമങ്ങൾ നടത്തിയ കാര്യം പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ, ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) മാഫിയ വാഴ്ചമൂലം ജനങ്ങൾ പൊറുതിമുട്ടിക്കൊണ്ടിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം അവസാനിപ്പിക്കാൻ തയ്യാറാകുമോ; | (ബി) ഇത്തരം സ്ഥിതി വിശേഷം നിലവിലില്ല. |
| (സി) മാഫിയ-പോലീസ്-ഭരണസംവിധാനങ്ങൾ തമ്മിലുള്ള കൂട്ടുകെട്ട് ശക്തമായിട്ടുണ്ടോ എങ്കിൽ അതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | (സി) ഇത്തരം കൂട്ടുകെട്ട് നിലവിലില്ല. എങ്കിലും ക്രിമിനൽ പശ്ചാത്തലമുള്ളവരിൽ നിന്നും അകലം പാലിക്കുന്നതിനും, കേസന്വേഷണത്തിൽ നിഷ്പക്ഷത പാലിക്കുന്നതിനും പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) മാഫിയകൾക്കെതിരെ ഭരണ സംവിധാനങ്ങൾ നിർവീര്യമാകുന്നതായി പറയപ്പെടുന്ന അവസ്ഥയ്ക്ക് മാറ്റം വരുത്തുമോ; | (ഡി) ഇത്തരം അവസ്ഥ നിലവിലില്ല |

(ഇ) സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം മുൻസർക്കാർ തടങ്കലിൽ ആക്കിയ എത്ര ഗുണ്ടകൾ ഈ ഗവൺമെന്റിന്റെ കാലത്ത് പുറത്തിറങ്ങിയിട്ടുണ്ട്?

(ഇ) കോടതി ഉത്തരവുകളുടെയും തടങ്കൽ കാലാവധി തീർന്നതിന്റെയും, ഉപദേശക സമിതിയുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഇത്തരത്തിൽ 32 പേർ മോചിതരായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ